പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 3641

15.07.2015 -ലെ മറുപടിയ്ക്ക്

## തോട്ടം തൊഴിലാളികളുടെ ശമ്പള പരിഷ്കരണ കരാർ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.കെ.ജയചന്ദ്രൻ<br>ശ്രീ.കോലിയക്കോട്.എൻ.കൃഷ്ണൻ നായർ<br>ശ്രീ. എസ്.രാജേന്ദ്രൻ<br>ശ്രീ. കുഞ്ഞമ്മത് മാസ്റ്റർ | ഷിബു ബേബി ജോൺ<br>(ബഹു: തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) തോട്ടം തൊഴിലാളികളുടെ ശമ്പള പരിഷ്കരണ കരാർ കാലാവധി തീർന്നിട്ടും അത് പുതുക്കാൻ മാനേജ്മെന്റുകൾ ഒരു നടപടിയും സ്വീകരിച്ചിട്ടില്ലെന്ന കാര്യം പരിശോധിച്ചിരുന്നോ ; | (എ) പരിശോധിച്ചിരുന്നു. |
| (ബി) പ്ലാന്റേഷൻ ലേബർ കമ്മിറ്റികൾ ചേർന്ന് ശമ്പള പരിഷ്കരണ കരാർ ഉണ്ടാക്കാൻ തൊഴിൽ വകുപ്പ് മുൻകൈ എടുക്കുമോ ; | (ബി) പ്ലാന്റേഷൻ മേഖലയിലെ വേതന കരാർ പുതുക്കുന്നതുമായി ബന്ധപ്പെട്ട് 2014-15 കാലയളവിൽ ആറു തവണ പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗം ചേർന്നിരുന്നു. ഇതുമായി ബന്ധപ്പെട്ട് 27/07/2015-ന് പ്ലാന്റേഷൻ ലേബർ കമ്മിറ്റിയുടെ അടുത്ത യോഗം തിരുവനന്തപുരം ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ വച്ച് ചേരുന്നുണ്ട്.<br>ഇത്തരത്തിൽ പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗങ്ങൾ ചേർന്ന് തൊഴിലാളി - തൊഴിലുടമാ സമവായത്തിലൂടെ വേതന കരാർ പ രിഷ്ക്കരിക്കുന്നതിനാണ് തൊഴിൽ വകുപ്പ് നടപടി സ്വീകരിച്ചിട്ടുള്ളത്. |
| (സി) തോട്ടം തൊഴിലാളികളുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള ഏന്തെങ്കിലും പരിപാടികൾ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) ഉണ്ട്.<br>തോട്ടം തൊഴിലാളികൾക്ക് മെച്ചപ്പെട്ട പ ാർപ്പിട സൗകര്യം ലഭ്യമാക്കാൻ തുടക്കം കുറിച്ച ഭവനം പദ്ധതിയുടെ പ്രവർത്തനം ഉടമകൾ ഭൂമി വിട്ടുകൊടുക്കുന്നതിൽ വിമുഖത കാട്ടിയതിനാൽ ഈ പദ്ധതി പ്രാവർത്തികമായിട്ടില്ല. തോട്ടം മേഖലയിൽ ശുചിത്വ മിഷന്റെ സഹകരണത്തോടെ ടോയ്ലറ്റുകൾ സ്ഥാപിക്കുന്ന സംരംഭങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. മരണമടയുന്ന തൊഴിലാളിയുടെ നിയമാനുസൃത ആശ്രിതന് |

അർഹത തെളിയിക്കുന്ന പക്ഷം 25,000/- രൂപ എസ്റ്റേറ്റ് തൊഴിലാളികളുടെ ദുരിതാശ്വാസ പദ്ധതി പ്രകാരം നല്കി വരുന്നുണ്ട്. കഴിഞ്ഞ 2 വർഷങ്ങളിലായി ഏകദേശം 23 ലക്ഷം രൂപ മരണപ്പെട്ട തൊഴിലാളികളുടെ ആശ്രിതർക്ക് നല്കിക്കഴിഞ്ഞു.

പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റി മുഖാന്തിരം പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് മാരകരോഗ ചികിത്സാ ധനസഹായം, അവരുടെ മക്കൾക്ക് വിദ്യാഭ്യാസ വിവാഹ ധനസഹായങ്ങൾ, മരണാനന്തര ധനസഹായം എന്നിവ നല്കി വരുന്നു. സഞ്ചരിക്കുന്ന ചികിത്സാ യൂണിറ്റ് പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റിയുടെ ചുമതലയിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

Sreekala

സെക്ഷൻ ഓഫീസർ